**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കുടുംബശ്രീ എറണാകുളം ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായ ശ്രീമതി. റജീന റ്റി.എം., റിസർച്ച് ഓഫീസർ. ഡിസ്ട്രിക്റ്റ് പ്ലാനിംഗ് ഓഫീസ്, ആലപ്പുഴ - അന്യത്രസേവനകാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു..

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം. 155/2019/തസ്വഭവ. തിരുവനന്തപുരം, തീയതി: 25/01/2019**

---

പരാമർശം:- 1. 10.05.2013 തീയതിയിലെ 42/2013/Fin നം. സർക്കുലർ

2. 28.11.2013 തീയതിയിലെ സ.ഉ.(പി) നം. 580/2013/Fin

3. 09.12.2016 തീയതിയിലെ സ.ഉ(സാധാ) നം. 3362/16/തസ്വഭവ

4. 10.04.2018 തീയതിയിലെ സ.ഉ(സാധാ) നം. 1019/18/തസ്വഭവ

5. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 28.05.2018-ലെ 11596/ഇ 1/2017/കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്

ഉത്തരവ്

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസിലെ റിസർച്ച് ഓഫീസറായ ശ്രീമതി. റജീന റ്റി.എം. - നെ കുടുംബശ്രീ എറണാകുളം ജില്ലാ മിഷൻ ഓഫീസിൽ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായി അന്യത്രസേവന വ്യവസ്ഥയിൽ, പരാമർശം (3)ലെ സർക്കാർ ഉത്തരവു പ്രകാരം നിയമിക്കുകയും പരാമർശം (4) ലെ സർക്കാർ ഉത്തരവ് പ്രകാരം ടിയാളുടെ അന്യത്രസേവന കാലാവധി 26/03/2018 വരെ ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു.

(2) സൂചന (4) ലെ സർക്കാർ ഉത്തരവ് പുന:പ്പരിശോധിച്ച് ടിയാളുടെ അന്യത്രസേവന കാലാവധി **27/03/2018** തീയതി മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (5)- ലെ കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസിലെ റിസർച്ച് ഓഫീസറായ ശ്രീമതി. റജീന റ്റി.എം-ന്റെ കുടുംബശ്രീ എറണാകുളം ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാമിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്ര സേവനകാലം കേരള സർവ്വീസ് റൂൾ (**140** സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും മേൽ സർക്കുലറിലെ മാനദണ്ഡങ്ങൾക്കും വിധേയമായി **27/03/2018** മുതൽ **31/03/2019** വരെ ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**മിനി എം.ആർ.**
**ഗവൺമെന്റ് അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ,, തിരുവനന്തപുരം
ബന്ധപ്പെട്ട വ്യക്തിക്ക് (സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പർ സെക്രട്ടറി മുഖേന)
മെമ്പർ സെക്രട്ടറി , സംസ്ഥാന ആസൂത്രണ ബോർഡ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ /എൽ.ബി.എ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**